# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2487

13.02.2013ൽ മറുപടിക്ക്.

### എമർജിംഗ് കേരള പദ്ധതി നടത്തിപ്പിൽ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ)എമർജിംഗ് കേരള സംഗമത്തിൽ സംരംഭകർ അവതരിപ്പിച്ച പദ്ധതികളുടെ വയബിലിറ്റി പരിശോധനകൾ പൂർത്തിയായിക്കഴിഞ്ഞോ. | (എ) | എമർജിംഗ് കേരള 2012 ൽ സംരംഭകർ അവതരിപ്പിച്ച പദ്ധതികളെ അതാത് വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. ഇവയിൽ പലതിലും പ്രാഥമിക പരിശോധനകൾ പൂർത്തിയായിട്ടുണ്ട്. പ്രാഥമികമായി സ്വീകാര്യമായ പദ്ധതികളുടെ തുടർ പരിശോധന അതാത് വകുപ്പുകൾ നടത്തിവരുന്നു. |
| (ബി) എങ്കിൽ അവയിൽ പ്രാവർത്തികമെന്ന് കണ്ടെത്തിയ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ ; | (ബി) | വ്യവസായ വകുപ്പിന്റെ കീഴിൽ വന്ന പദ്ധതികളിൽ ചിലതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. മറ്റു ചില പദ്ധതികളുടെ പരിസ്ഥിതിക ആഘാത പഠനം, സാമ്പത്തിക ആസൂത്രണം മുതലായ തുടർ നടപടികൾ നടന്നു വരികയാണ്. ഇതുപോലെ മറ്റ് വകുപ്പുകൾക്കു കീഴിലുള്ള പദ്ധതികളുടെ നടപടി ക്രമങ്ങളും പുരോഗമിച്ചുവരുന്നു. അവയുടെ വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രസിദ്ധീകരിക്കുന്നതായിരിക്കും. |
| (സി) ഇവയുടെ നടത്തിപ്പിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; അതു പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | വിവിധ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, പാരിസ്ഥിതിക ആഘാത പഠനം, തുടങ്ങിയ നടപടി ക്രമങ്ങൾ നടന്നുവരുന്നു. നിലവിൽ പ്രശ്നങ്ങളൊന്നും ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ